**നഗരാസൂത്രകന്റെ കാര്യാലയം,**

**ഇടുക്കി 685602, ഫോൺ നമ്പർ 0486-2235224,**

Email- tcpdidk@gmail.com.

**നടപടിക്രമം**

**(ഹാജർ: ജിമ്മിച്ചൻ മാത്യു, നഗരാസൂത്രകൻ)**

വിഷയം: നെടുംകണ്ടം ഗ്രാമപഞ്ചായത്ത് - പെട്രോൾ പമ്പ് കൂട്ടിച്ചേർക്കൽ നിർമ്മാണം - സ്ഥല വിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: നെടുംകണ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21/10/2019, 28/12/19 തിയതികളിലെ A2-9875/2019 നമ്പർ കത്തുകൾ

**ഉത്തരവ് നമ്പർ TCPIDK/781/2019-D1 09/01/2020**

നെടുംകണ്ടം ഗ്രാമപഞ്ചായത്തിൽ, പാറത്തോട് വില്ലേജ് സർവ്വേ നമ്പർ 186 ൽ പെട്ടതും ശ്രീ. ജ്ഞാനസുന്ദരൻ, ഇന്ത്യൻ ഓയിൽ ഡീലർ, നെടുംകണ്ടം എന്നയാൾ പാട്ടത്തിനെടുത്തിട്ടുള്ളതുമായ 972$m^2$ ച. മി. വിസ്തീർണ്ണമുള്ള സ്ഥലത്ത് പ്രവർത്തിച്ച് വരുന്നതായ പെട്രോൾ പമ്പിൽ പുതുതായി കനോപ്പി (256 ച. മി വിസ്തീർണ്ണം) സെയിൽസ് കെട്ടിടം (42 ച. മീ. തറവിസ്തീർണ്ണം) എന്നിവ ഉൾപ്പെടെ ആകെ 298 ച.മീ. തറ വിസ്തീർണ്ണം വരുന്ന വിധത്തിൽ പെട്രോൾ പമ്പ് വിപുലീകരണം നടത്തുന്നതിന് ഇതോടൊപ്പമുള്ള പ്ലാനുകൾ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സ്ഥല വിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കെ.പി.ബി.ആർ. 2011 ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, നിർമ്മാണാവകാശം എന്നിവയും ടി സ്ഥലത്ത് പുറംപോക്ക് ഭൂമി ഉൾപ്പെടുന്നില്ലായെന്നും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
2. കെ.പി.ബി.ആർ. 2011 ചട്ടം 61(8) പ്രകാരം ശുചീകരണ സൗകര്യങ്ങൾ എല്ലാം ഏർപ്പെടുത്തേണ്ടതാണ്.
3. നിർമ്മാണം കെ.പി.ബി.ആർ 2011-നും അനുബന്ധ ഭേദഗതിക ൾക്കും ബാധകമായിരിക്കണം
4. നിയമാനുസൃതം മറ്റ് ഏജൻസികൾ/വകുപ്പുകൾ എന്നിവയിൽ നിന്നും നേടേണ്ടതായ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കേണ്ടതാണ്.
5. ടി സ്ഥലം പാട്ടത്തിനെടുത്ത് പമ്പ് നടത്തുന്നു എന്നതിനാൽ സ്ഥല ഉടമസ്ഥന്റെ പേര്, മേൽവിലാസം, ഒപ്പ് എന്നിവ നിർമ്മാണ അനുമതി നൽകുന്ന പ്ലാനുകളിലും

അനുബന്ധ രേഖകളിലും ഉണ്ടായിരിക്കേണ്ടതാണ്.

മേൽ പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി പ്ലാനിൽ വരുത്തേണ്ടതായ മാറ്റങ്ങൾ വരുത്തി പ്ലാൻ ലഭ്യമാക്കി നിർമ്മാണാനുമതിക്കായി പരിഗണിക്കേണ്ടതാണ്.

ഉള്ളടക്കം: അംഗീകൃത പ്ലാൻ

Signature Not Verified
Digitally signed by Jimmichen Mathew
Date: 2020.01.09 17:45:44 IST
Reason: Approved

**JIMMICHEN MATHEW, TP TPIDK, O/o TP TPIDK**

സെക്രട്ടറി, നെടുംകണ്ടം ഗ്രാമപഞ്ചായത്ത്.

പകര്‍പ്പ്,

1. ശ്രീ. ജ്ഞാനസുന്ദരൻ, ഇന്ത്യൻ ഓയിൽ ഡീലർ, നെടുംകണ്ടം.
2. കരുതൽ